മാലാഖ
Published 2017

## Happy Feast Of Pentecost





24 MAY 2020 (Vol.67)

**St.Mary's Knanaya Catholic Forane Church, Houston**
6400 W.Fuqua Dr, Missouri City, TX 77489

Biweekly Parish Bulletin



### Wish you all Happy Feast Of Pentecost, Holy Trinity, St.Antony & St. Mariam Thresia

May God Bless You All. Fr.Suni Padinjarekkara

## ദിവ്യ കാരുണ്യ അത്ഭുതങ്ങൾ

### മൂകബാലന് അത്ഭുത രോഗശാന്തി

1461 ൽ ഫ്രാൻസിലെ ലാ റോഷൽ എന്ന സ്ഥലത്ത് ഉയിർപ്പു ഞായറാഴ്ച ദിവ്യ ബലി മദ്ധ്യേ വി. കുർബാന സ്വീകരിച്ച ഉടനെ, ശരീരം തളർന്ന മൂകനായ ഒരു ബാലന് പൂർണ്ണസൗഖ്യം ലഭിക്കുകയുണ്ടായി. ഈ അത്ഭുതത്തെ കുറിച്ചുള്ള ആധികാരിക രേഖകൾ ഇന്നും ലാ റോഷലിലെ കത്തീഡ്രൽ ദേവാലയത്തിൽ സൂക്ഷിക്കുന്നു.

**1461**ൽ ഉയർപ്പു ഞായറാഴ്ച ജുഹാൻ ലെ ക്ലർക്ക് എന്ന സ്ത്രീ തന്റെ12 വയസ്സു പ്രായമുള്ള മകൻ ബർട്രാൻഡിനെ ഫ്രാൻസിലെ റോഷൽ എന്ന സ്ഥലത്തുള്ള വി.ബർത്തലോമിയോയുടെ നാമത്തിലുള്ള ദേവാലയത്തിൽ കൊണ്ടുവന്നു. ഏഴാം വയസ്സിലുണ്ടായ ഒരു വീഴ്ചയിൽ ബർട്രാൻഡിന്റെ ശരീരം തളരുകയും സംസാര ശേഷി നഷ്ടപ്പെടുകയും ചെയ്തിരുന്നു. തനിക്കും വി.കുർബാന സ്വീകരിക്കണമെന്ന് ബെർട്രാൻഡ് ആഗ്രഹം പ്രകടിപ്പിച്ചിരുന്നെങ്കിലും മൂകനായ അവൻ കുമ്പസാരം നടത്താത്ത കാരണത്താൽ വി.കുർബാന നൽകുവാൻ വൈദികൻ ആദ്യം വിസമ്മതിച്ചു. എങ്കിലും ബർട്രാൻഡിന്റെ നിരന്തരമായ യാചന മാനിച്ച് വൈദികൻ പിന്നീട് ബർട്രാൻഡിന് വി. കുർബാന നൽകുകയുണ്ടായി. തൽസമയം അവന്റെ ശരീരത്തിൽ ഒരു പ്രത്യേക ശക്തി അനുഭവപ്പെടുകയും ശരീരം വിറക്കാൻ തുടങ്ങുകയും ചെയ്തു. ഉടനെ തന്നെ ബർട്രാൻഡ് പൂർണ്ണ സൗഖ്യം പ്രാപിച്ചു. അവന് ചലനശേഷിയും സംസാരശേഷിയും തിരുച്ചുകിട്ടി. "കർത്താവിന്റെ നാമത്തിലാണ് നമ്മുടെ ആശ്രയം" എന്ന് ആദ്യം അവൻ ഉച്ചരിച്ചതായി അന്നത്തെ കയ്യെഴുത്ത് പ്രതികളിൽ കാണുന്നു. ഈ അത്ഭുതത്തെ കുറിച്ചുള്ള ആധികാരിക രേഖകൾ ഇന്നും ലാ റോഷലിലെ കത്തീഡ്രൽ ദേവാലയത്തിൽ സൂക്ഷിക്കുന്നു.

## EUCHARISTIC MIRACLES

### Instantaneous cure of a paralyzed and mute boy

*The Eucharistic miracle of La Rochelle concerns the instantaneous cure of a boy, paralyzed and mute since the age of seven, when he received Holy Communion at Mass on Easter Sunday in 1461. He was completely healed of his paralysis and was once again able to speak. The most authoritative document that visually describes this miracle is the painted-manuscript preserved still today in the Cathedral of La Rochelle*

During Easter of 1461, Mrs. Jehan Leclerc brought her twelve year old son, Bertrand, to the Church of St. Bartholomew. Bertrand had been paralyzed and mute since the age of seven due to a terrible fall. When the time for Holy Communion arrived, he indicated to his mother that he also wanted to receive Jesus in the Eucharist. Initially the priest did not want to give the young man Communion, because the boy was not able to go to Confession given his muteness. The young man, however, continued to beseech the priest for Communion and, in the end, the priest did permit him to receive the Blessed Sacrament. From the first moment that Bertrand received the Host, he began to feel shaken by a mysterious force. He was able to move and to speak. He was cured. According to the hand-written document, immediately after the miraculous event Bertrand's first words were, "Adjutorium nostrum in nomine Domini!" ("Our help is in the name of the Lord!") The most authoritative document that visually describes this miracle is the painted manuscript preserved to this day in the Cathedral of La Rochelle.




### HOLY MASS, NIGHT VIGIL & NOVENA TIMINGS

**Holy Mass:**
Monday – Friday - 7 PM. | **Saturday**- 9:30 AM.
**Sunday | 7:30 AM, 9:00 AM, 11:30 AM**

**Night Vigil:**
First Off Weekend Friday of the Month| 8 PM. to Midnight

**Adoration**
Every Friday | 9 AM -7 PM.
Monday – Friday | 6-7 PM. Saturday| 8:30 - 9:30 AM.

**Novenas : St. Antony** **Tuesday** | After 7 PM. Mass
**St. Jude** **Thursday** | After 7 PM. Mass
**Our Lady of Perpetual Succour** **Saturday** | After 9:30 AM. Mass

## ക്വാറന്റയിൻ സെന്റർ ശുചീകരണം



കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ ഗ്രീൻ വാലി ഡെവലപ്മെന്റ് സൊസൈററിയുടെ ആസ്ഥാനം മരിയ സദൻ ആനിമേഷൻ സെന്റർ, സർക്കാരിന്റെ പ്രത്യേക നിർദ്ദേശ പ്രകാരം കോവിഡ് 19 ക്വാറന്റയിൻ സെന്റർ ആയി നൽകി. സെന്ററിന്റെ ശുചീകരണ പ്രവർത്തനങ്ങൾ കെ.സി ഡബ്ള്യു എ തടിമ്പാട് യൂണിററ് ഭാരവാഹികളുടെ നേതൃത്വത്തിൽ നടത്തി. https://apnades.in/

## ലോക്ഡൗണിൽ ഭിന്നശേഷിയുള്ളവർക്ക് കരുതൽ ഒരുക്കി കെ എസ് എസ് എസ്.



കോട്ടയം: കോവിഡ് 19 പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന ലോക് ഡൗണിൽ കഷ്ടതയനുഭവിക്കുന്ന ഭിന്ന ശേഷിയുള്ളവർക്ക് കരുതൽ ഒരുക്കി കാരുണ്യദൂത് പദ്ധതിയുമായി കോട്ടയം അതിരൂപ തയുടെ സാമൂഹിക സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈററി. പദ്ധതിയുടെ ഭാഗമായി കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എറണാകുളം ഇടുക്കി ജില്ലകളിലായുള്ള 1500റോളം കഷ്ടതയനുഭവിക്കുന്ന ഭിന്ന ശേഷിക്കാർക്ക് സഹായ ഹസ്തമൊരുക്കിയിരിക്കുകയാണ് കെ. എസ്. എസ്.എസ്. ഭക്ഷണ കിററുകളുടെ വിതരണത്തോടൊപ്പം കോവിഡ് സുരക്ഷക്കായി മാസ്ക്കുകളും, ഹാൻഡ് വാഷുകളും, സാനിറൈറസറുകളും ലഭ്യമാക്കി. കൂടാതെ ശാസ്ത്രീയ പരിശീലനം പൂർത്തിയാക്കിയവരുടെ മേൽനോട്ടത്തിൽ ഭിന്ന ശേഷിയുള്ളവർക്കായി ഓൺലൈൻ സൈക്കോസോഷ്യൽ കൗൺസിലിംഗും ഫിസിയോതെറാപ്പി യോഗാ പരിശീലനം എന്നീ സേവനങ്ങളും ലഭ്യമാക്കി വരുന്നു. ഭിന്ന ശേഷിയുള്ളവർക്ക് കൈതാങ്ങൊരുക്കുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ വരും ദിനങ്ങളിൽ നടപ്പിലാക്കുമെന്ന് കെ എസ് എസ് എസ് എക്സിക്ക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. സുനിൽ പെരുമാനൂർ അറിയിച്ചു. https://apnades.in/

## വി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ ജന്മശതാബ്ദി 2020 മെയ് 18ന് ആചരിച്ചു.



1986 ഫെബ്രുവരി എട്ടിന് അരമനയിലെത്തിയ ആദ്യ മാർപ്പാപ്പ ജോൺ പൊൾ രണ്ടാമനെ ബിഷപ്പ് കുന്നശ്ശേരി ഏലക്കാ മാല അണിയിച്ച് സ്വീകരിക്കുന്നു

കോട്ടയം രൂപതയ്ക്കും ക്നാനായ മക്കൾക്കും അഭിമാനത്തിന്റെ നിമിഷങ്ങൾ സമ്മാനിച്ചുകൊണ്ട് ചാവറ പിതാവിനെയും സി. അൽഫോൻസാമ്മയേയും വാഴ്ത്തപ്പെട്ടവരായി ഉയർത്തുന്നതിന് 1986 ഫെബ്രുവരി എട്ടിനാണ് ജോൺപോൾ മാർപ്പാപ്പ കോട്ടയത്ത് എത്തിയത്. അന്നേദിവസം മാർപ്പാപ്പ വിശ്രമിച്ചത് കോട്ടയം മെത്രാസന മന്ദിരത്തിലാണ്. ക്രിസ്തുരാജ കത്തീഡ്രലിൽ പ്രാർത്ഥിക്കുകയും ചെയ്തു. കോട്ടയം രൂപതയെ സംബന്ധിച്ചിടത്തോളം ഒരു സുപ്രധാന ദിനമായിരുന്നു 1986 ഫെബ്രുവരി 8. മാർപ്പാപ്പയെ കുന്നശേരി പിതാവ് ഏലക്കാ മാല അണിയിച്ചാണ് സ്വീകരിച്ചത്.. മാർപ്പാപ്പ ഉച്ചഭക്ഷണം കഴിക്കുകയും വിശ്രമിക്കുകയും മെത്രാസന മന്ദിരത്തിന്റെ ജാലകത്തിലൂടെ ജനക്കൂട്ടത്തെ അഭിസം ബോധന ചെയ്യുകയും ചെയ്തു. https://apnades.in/






## പ്രാർത്ഥനയിലുള്ള ജനങ്ങളുടെ ആശ്രയത്വം വർദ്ധിച്ചു. ഗൂഗിൾ




വാഷിംഗ് ടൺ ഡി സി: കോറോണ പകർചവ്യാധിയെ തുടർന്നുട്ണ്ടായ ആഗോള പ്രതിസന്ധിയിൽ കൂടുതൽ പേർ പ്രാർത്ഥനയിലേക്ക് തിരിഞ്ഞതായി ഗവേഷണഫലം.. പ്രതികൂലമായ സാഹചര്യത്തിൽ പ്രാർത്ഥനകൾക്കുവേണ്ടി ഓൺലൈനിൽ തിരച്ചിൽ നടത്തിയവരുടെ എണ്ണത്തിൽ 50% വർദ്ധനവുണ്ടെന്ന കണ്ടെത്തലുമായി കോപ്പൻ ഹേഗൻ സർവ്വകലാശാലയിലെ ഗവേഷണ വിഭാഗമാണ് രംഗത്തെത്തിയിരിക്കുന്നത്. പ്രാർത്ഥനയ്ക്കുവേണ്ടി കൂടുതൽ ആളുകൾ തിരച്ചിൽ നടത്തുന്ന അവസരങ്ങളായ ക്രിസ്തുമസ്, ഈസ്റ്റർ, റമദാൻ എന്നിവയേക്കാൾ കൂടുതൽ പേരാണ് ഇക്കഴിഞ്ഞ മാർച്ചിൽ ഗൂഗിളിൽ തിരച്ചിൽ നടത്തിയെന്നാണ് സർവ്വേയിൽ പറയുന്നത്. പ്രാർത്ഥനക്കായുള്ള ഗൂഗിളിലെ തിരച്ചിൽ ചരിത്രത്തിലെ ഏററവും ഉയർന്ന കണക്കാണ് ഇക്കാലയളവിൽ ഉണ്ടായിരിക്കുന്നത്. http://www.pravachakasabdam.com

## ദേവാലയങ്ങൾ തുറക്കണമെന്ന് ട്രംപ്





വാഴിംഗ്ടൺ ഡി.സി.: കോറോണ വൈറസ്വ്യാപനത്തെ പ്രതിരോധിക്കാൻ നടപ്പിലാക്കിയ ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ നിന്നും ആരാധനാലയങ്ങളെ ഒഴിവാക്കണമെന്ന് അമേരിക്കൻ പ്രസിഡന്റ് ട്രം പ്. വിവിധ സംസ്ഥാനങ്ങളിലെ ഗവർണർമാരോട് ആവശ്യപ്പെട്ടു. ഗവർണർമാർ അതിനു തയ്യാറായില്ലെങ്കിൽ പ്രസിഡന്റ് എന്ന നിലയിലുള്ള തന്റെ അധികാരമുപയോഗിച്ച് ആരാധനാകേന്ദ്രങ്ങൾ തുറക്കാൻ താൻ അനുമതി നൽകുമെന്നും ട്രം പ് മുന്നറിയിപ്പു നൽകി. ലോക് ഡൗൺ നിയന്ത്രണങ്ങൾ പിൻ വലിക്കുന്നതുമായി ബന്ധപ്പെട്ട് അമേരിക്കയിലെ ആരോഗ്യ ഏജൻസിയായ സെന്റേർസ് ഫോർ ഡിസീസ് കൺ ട്രോൾ ആൻഡ് പ്രിവൻഷൻ പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുമെന്നും അതിൽ ദേവാലയങ്ങളെ ആവഴ്യ സർവീസായി കണക്കാക്കുമെന്നും പത്ര സമ്മേളനത്തിൽ ഡൊണാൾഡ് ട്രംപ് പറഞ്ഞു. രാജ്യത്തിനു ഈ അവസ്ഥയിൽ കൂടുതൽ പ്രാർത്ഥന ആവശ്യമുണ്ടെന്നും ട്രംപ് കൂട്ടിച്ചേർത്തു. http://www.pravachakasabdam.com

## ക്രിസ്തുവിന്റെ രക്ഷാകരവചനം ലോകമെങ്ങും അറിയിക്കുക ഫ്രാൻസീസ് പാപ്പ



വത്തിക്കാൻ സിററി: ക്രിസ്തുവിന്റെ രക്ഷാവചനം എല്ലാവരേയും അറിയിക്കുകയും അതിന് അനുദിന ജീവതത്തിലൂടെ സാക്ഷ്യമേകുകയും ചെയ്യുക എന്നതായിരിക്കണം നമ്മുടെ ആദർശവും ദൗത്യവുമെന്ന് ഫ്രാൻസീസ് മാർപ്പാപ്പ

ബുധനാഴ്ച വത്തിക്കാനിൽ പൊതുപ്രഭാഷണത്തിന്റെ അവസാനം യുവജനങ്ങളെയും വയോധികരേയും രോഗികളെയും നവദമ്പതികളേയും അഭിവാദ്യം ചെയ്ത വേളയിലാണ് പാപ്പ യേശു ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണ തിരുന്നാൾ ആസന്നമായിരിക്കുന്നത് അനുസ്മരിച്ച് ഇക്കാര്യം ഓർമ്മിപ്പിച്ചത്. സ്വർഗ്ഗാരോഹണത്തിലൂടെ യേശു സഭയ്ക്ക് മുഴുവനുമായി നൽകിയ സന്ദേശം നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ ഞാൻ നിങ്ങളോട് കൽപ്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ (മത്തായി 28, 19 20) എന്ന ആഹ്വാനമായിരുന്നുവെന്നും പാപ്പ പറഞ്ഞു.
http://www.pravachakasabdam.com







Bulletin Committee: Sr. Joicy, Divya Anchakunnath, Mathew Mangatt, Vineeth Eranical, Saji Pulickeel & Tomy Chamakala.

## UPCOMING EVENTS

May 31 - End of Vanakkamsam

May 31 - Feast Of Pentacost

May 31 - CCD Examination

June 5 - 13 St. Antony's Novena ( 9Days)

June 7 - Feast of Holy Trinity

June 7 - Feast of St. Mariam Thresia

June 14 - Feast celebration of St. Antony



## പറപ്പൂരുകാരുടെ ചക്കപ്പെരുന്നാൾ

വേനലവധികാലഘട്ടത്തിലെ പറപ്പൂരുകാരുടെ പ്രാദേശീകോൽസവമായ സെൻ്റ് ജോൺ നെപുംസ്യാൻ ഫൊറോന പള്ളിയിലെ ചക്കപ്പെരുന്നാൾ, മെയ് 16,17,18 കോവിഡ് ഭീതിയിൽ വിജനതയിലൊതുങ്ങി. കോടിയേററ് മുതൽ തിരുനാൾ ദിനം വരെ ഒരാഴ്ച നീളുന്ന തിരുനാൾ മാമാങ്കം. ലോന മുത്തപ്പൻ്റെ വി. ജോൺ നെപുംസ്യാൻ നാമധേയത്തിലുള്ള കേരളത്തിലെ ചുരുക്കം ദേവാലയങ്ങളിൽ ഒന്നും തൃശൂർ അതിരൂപ തയിലെ ഏക ദൈവാലയവുമായതുകൊണ്ട് തന്നെ, സംസ്ഥാനത്തിൻ്റെ വിവിധ പ്രദേശങ്ങളിൽ നിന്നുപോലും ആളുകൾ വിശുദ്ധൻ്റെ മാദ്ധ്യസ്ഥം തേടി നേർച്ച കാഴ്ച്ചകൾ സമർപ്പിക്കുക പതിവുണ്ട്. മെയ് മാസത്തിലെ ലോന മുത്തപ്പൻ്റെ തിരുന്നാളിനു ഒന്നര പതിററാണ്ട് മുമ്പുവരെ പള്ളിപ്പറമ്പുകളും പരിസരങ്ങളും കേന്ദ്രീകരിച്ച് മൂത്തതും പഴുത്തതുമായ ചക്കകൾ മലപോലെ കൂട്ടിയിട്ട് കച്ചവടം ചെയ്യുമായിരുന്നു. പണ്ട് മുതൽക്കെ തിരുന്നളിനു പള്ളിമുററം ചക്കയുടെ വലിയൊരു വിപണിയായതു കൊണ്ട് തന്നെയാണ് ചക്കപ്പെരുന്നാൾ എന്ന പേര് നൂററാണ്ടുകളായി ഈ പെരുന്നാളിനു കൈവന്നത്. http://www.pravachakasabdam.com

**VICAR**
Fr. Suni Padinjarekkara(Office) 281-957-5264
Cell 708-953-1912

**OFFICE SECRETARY**
Sr. Reji Philip 832-679-3702
Stephen Edattukunnel 832-277-2153

**ACCOUNTANT**
Geemon Varikkattu 713-291-4027

**AUDITOR**
Suman Maruthachickal 281-437-6542

**TRUSTEES**
Johny Pathiyil 281-753-8980
Baiju Pazhempallil 713-517-6445
Roy Mangappallil 713-826-6489
Johnson Vattamattathil 201-270-9360

**PRO**
Chatterji Aickareth 832-349-8798

**D R E**
Rarichen Chennattu 713-540-6363

**CONVENT**
Sr. Reji (Mother) 832-679-3702

**SACRISTAN**
Sr. Jossy Lukose 832-679-2049
Thomas Athimattathil 713-540-3484
Jose Thannichuvattil 434-466-2066

**CHOIR**
Jose Kuruppamparambil 281-746-8083

**BIBLE READINGS**
Sheeba Thannichuvattil 434-466-2059
(For Malayalam Masses)
Tomy Chamakalayil 281-725-2224
(For English Mass Only)

**FUNERAL COORDINATOR**
Jojith Kulathilkarottu 832-290-0391

**EUCHARISTIC MINISTERS CO-ORDINATOR**
Babu Parayamkalayil 832-971-0924
Sr. Joicy Joseph 832-679-3724

